പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 558 | 25/10/2011 -ൽ മറുപടിക്ക്

## സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. സി.കെ സദാശിവൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) 35 വയസ്സിൽ കുറഞ്ഞ പ്രായക്കാർ സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ടാണ് സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നതെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ ; | (ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എം4/ 34701/11/ഡിപിഐ തീയതി 3.7.2011, എം4/40015/11 തീയതി 27.9.2011 എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം എല്ലാ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, സ്കൂൾ അധികൃതർ എന്നിവർക്ക് സുരക്ഷാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഭൂരിഭാഗം ജില്ലകളിലും ഇത് സംബന്ധമായ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ പോലീസും സ്കൂൾ അധികൃതർക്ക് നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നതിന് വേണ്ടി അറിയിപ്പ് നൽകുകയും ഇത് പരിശോധിക്കുന്നതിന്, എല്ലാ സ്റ്റേഷൻ |

ക്കുന്നതിൽ പരാജയപ്പെടുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) നിർദ്ദേശങ്ങൾ നടപ്പിലാക്കാനും അവലോകനം ചെയ്യാനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

(ഡി) പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരമുള്ള സുരക്ഷാ നിർദ്ദേശങ്ങൾ ഒക്ടോബർ 15 ന് മുമ്പായി നടപ്പിൽ വരുത്തിയതിന്റെ ഒന്നാം ഘട്ട അവലോകന റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പോലീസും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

സ്കൂൾ വിദ്യാർത്ഥികളുടെ യാത്ര സംബന്ധമായി നിരവധി നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പും നൽകിയിട്ടുണ്ട്. എന്നാൽ സ്കൂൾ അധികാരികളും രക്ഷകർത്താക്കളും ബസ് ഓടിക്കുന്നവരും ഇത് പാലിക്കാത്തത് പലപ്പോഴും ദാരുണമായ അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇതൊഴിവാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് / അൺഎയ്ഡഡ് വ്യത്യാസമില്ലാതെ എല്ലാ സ്കൂളുകളിലെയും ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, സ്കൂളിലെ നോഡൽ ഓഫീസർ, പി.റ്റി.എ. പ്രസിഡന്റ്,

മറ്റ് ഭാരവാഹികൾ, സ്കൂൾ ബസ്സിലെ ഡ്രൈവർമാർ എന്നിവർക്ക് വീണ്ടും അടിയന്തിരമായി നൽകാൻ ആർ.ടി.ഒ.മാർക്കും ജോയിന്റ് ആർ.ടി.ഒ.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കൂടാതെ സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ മുൻനിർത്തി സ്കൂൾ ബസ്സുകളുടെ ചെക്കിംഗ് ഗതാഗത വകുപ്പ് കർശനമാക്കിയിട്ടുണ്ട്. റോഡ് ചെക്കിംഗ് കർശനമാക്കുന്നതിനുള്ള നടപടികളും പ്രസ്തുത വകുപ്പ് സ്വീകരിച്ചു വരുന്നു.

Shijigeorge.
സെക്ഷൻ ഓഫീസർ